ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:06-04-2025

# പ്രധാനവാർത്ത

1. രാജ്യത്തിന്റെ എല്ലാ മേഖലകളും ഒരുമിക്കുമ്പോഴാണ് വികസനത്തിന്റെ പാത ദൃഢമാകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു.

2. സി പി ഐ എം ജനറൽ സെക്രട്ടറിയായി എം എ ബേബിയെ തെരഞ്ഞെടുത്തു. ഇഎംഎസിന് ശേഷം ജനറൽ സെക്രട്ടറി പദവിയിലെത്തുന്ന മലയാളി.

3. എട്ടാം ക്ലാസിൽ മിനിമം മാർക്ക് ലഭിക്കാത്ത വിദ്യാർത്ഥികൾക്കുള്ള അധിക പിന്തുണാ ക്ലാസ് മറ്റെന്നാൾ ആരംഭിക്കുമെന്ന് മന്ത്രി വി.ശിവൻകുട്ടി.

4. ലോകാരോഗ്യ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി

BINU TVPM

**വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.**

5. **സംസ്ഥാനത്ത് ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.**

6. **ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ് ഇന്ന് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.**

&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - രാമേശ്വരം ഇൻട്രോ

RNU TVPM

രാജ്യത്തിന്റെ എല്ലാ മേഖലകളും ഒരുമിക്കുമ്പോഴാണ് വികസനത്തിന്റെ പാത ദൃഢമാകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തമിഴ്നാട് രാമേശ്വരത്തെ പുതിയ പാമ്പൻപാലം രാഷ്ട്രത്തിന് സമർപ്പിച്ച ശേഷം അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സാങ്കേതിക വിദ്യയുടേയും പാരമ്പര്യത്തിന്റെയും സംയോജനമാണ് പാമ്പൻ പാലമെന്നും പ്രധാനമന്ത്രി പറഞ്ഞു.

**(വോയിസ്)**

റെയിൽ വികാസ് നിഗം ലിമിറ്റഡാണ് 550 കോടി രൂപ ചെലവിൽ പുതിയ പാമ്പൻപാലം നിർമിച്ചത്. കപ്പലുകൾക്ക് കടന്നുപോകാൻ ഒരു ഭാഗം ലംബമായി ഉയർത്താൻ കഴിയുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിത്. പാമ്പൻപാലത്തിലൂടെ

താംബരത്തേക്കുള്ള പുതിയ ട്രെയിൻ സർവീസും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

&&&&&&&&&&&&&&&&

## ഓൺലൈൻ ഒ പി ടിക്കറ്റ്

സംസ്ഥാനത്ത് വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാൻ കഴിയുന്ന സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ സജ്ജമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 313 ആശുപത്രികളിൽ ഡിജിറ്റലായി പണമടയ്ക്കാൻ കഴിയുന്ന സംവിധാനം ലഭ്യമാണെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു. വിവിധ സേവനങ്ങൾക്ക് ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, യുപിഐ മുതലായവ വഴി പണമടക്കുന്നതിനുള്ള സൗകര്യമാണൊരുങ്ങുന്നത്.

&&&&&&&&&&&&&&&&

## മിനിമം മാർക്ക്- ശിവൻകുട്ടി

എട്ടാം ക്ലാസിൽ മിനിമം മാർക്ക് കിട്ടാത്ത വിദ്യാർത്ഥികൾക്ക് ഈ മാസം 8 മുതൽ 24 വരെ അധിക പിന്തുണാ ക്ലാസ് നൽകുമെന്ന് മന്ത്രി വി ശിവൻകുട്ടി. 2,541 സ്കൂളുകളിൽ നിന്നുള്ള എട്ടാം ക്ലാസ് പരീക്ഷാഫലം നിലവിൽ ലഭ്യമായിട്ടുണ്ട്. ഏറ്റവും കൂടുതൽ വിഷയങ്ങൾക്ക് ഇ ഗ്രേഡ് ലഭിച്ചിരിക്കുന്നത് വയനാട് ജില്ലയിലും ഏറ്റവും കുറവ് കൊല്ലം ജില്ലയിലുമാണെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&

## എം എ ബേബി

സിപിഐ എം ജനറൽ സെക്രട്ടറിയായി എം എ ബേബിയെ തെരഞ്ഞെടുത്തു. മധുരയിൽ നടന്ന ഇരുപത്തിനാലാം പാർട്ടി കോൺഗ്രസിലെ പുതിയ കേന്ദ്ര കമ്മിറ്റി യോഗത്തിലാണ് ജനറൽ സെക്രട്ടറിയെയും 18 അംഗ പോളിറ്റ് ബ്യൂറോയെയും തിരഞ്ഞെടുത്തത്. യോഗം എം.എ. ബേബിയുടെ പേര് ഏകകണ്ഠമായി അംഗീകരിക്കുകയായിരുന്നു. കേരളത്തിൽ നിന്ന് എം എ ബേബിക്ക് പുറമെ പിണറായി വിജയൻ, എ വിജയരാഘവൻ, എം വി ഗോവിന്ദൻ, വിജൂ കൃഷ്ണൻ എന്നിവരും പി ബിയിൽ ഉൾപ്പെടുന്നു. പിബിയിൽ എട്ട് പേർ പുതുമുഖങ്ങളാണ്.

**&&&&&&&&&&&&&&&&**

## എം എ ബേബി- Profile

ഇഎംഎസിന് ശേഷം സിപിഎം ജനറൽ സെക്രട്ടറി പദവിയിലെത്തുന്ന മലയാളിയാണ് എം.എ ബേബി. 2016 മുതൽ സിപിഎമ്മിന്റെ കേന്ദ്രനേതൃത്വത്തിലാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. 1984 ൽ സി.പി.ഐഎം സംസ്ഥാന സമിതിയിൽ അംഗമായിരുന്ന അദ്ദേഹം,1986 ൽ രാജ്യസഭാംഗമായി. 1989-ൽ കേന്ദ്രകമ്മിറ്റി അംഗമായി. 2006-ൽ കുണ്ടറയിൽ നിന്ന് ജയിച്ച എം എ ബേബി, വി എസ് അച്യുതാനന്ദൻ മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്നു. 2012 മുതൽ പൊളിറ്റ് ബ്യൂറോ അംഗമാണ്.

**&&&&&&&&&&&&&&&&**

## രാജീവ് ചന്ദ്രശേഖർ

RMJTVPM

പുരോഗതി, വികസനം, നിക്ഷേപം, തൊഴിൽ എന്നിവയുള്ള വികസിത കേരളമാണ് ലക്ഷ്യമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ബിജെപിയുടെ സ്ഥാപക ദിനത്തിൽ മാരാർജി ഭവനിൽ പതാക ഉയർത്തിയശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 11 വർഷം ഇന്ത്യയിലുണ്ടായ മാറ്റം കേരളത്തിലുമുണ്ടാവണമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു. പാർട്ടി സ്ഥാപകദിനത്തോടനുബന്ധിച്ച് ഹെൽപ്പ് ഡെസ്കിന്റെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

**&&&&&&&&&&&&&&&&**

## കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്- ഇൻട്രോ

ഇടുക്കി ആർച്ച് ഡാമിനു സമീപത്ത് സ്ഥാപിക്കുന്ന കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിന്റെ ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഹൈറേഞ്ചിലെ ജനതയുടെ അതിജീവനത്തിന്റെയും നീണ്ട പോരാട്ടങ്ങളുടെയും അനാവരണമാണ് കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ്.

RNU TVPM

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

**(വോയിസ്)**

**&&&&&&&&&&&&&&&&**

## വീണാ ജോർജ്ജ്- ലോകാരോഗ്യദിനം

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ മന്ത്രി വീണാ ജോർജ് നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ 2022, 2023 വർഷങ്ങളിലെ മികച്ച ഡോക്ടർ അവാർഡുകൾ വിതരണം ചെയ്യും. സർക്കാർ ആശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും. അമ്മയുടേയും നവജാത ശിശുക്കളുടേയും ആരോഗ്യമാണ് ഇത്തവണത്തെ ലോകാരോഗ്യ ദിന വിഷയം. 'ആരോഗ്യകരമായ തുടക്കം, പ്രതീക്ഷാ നിർഭരമായ ഭാവി' എന്നതാണ് ദിനാചരണ സന്ദേശം.

&&&&&&&&&&&&&&&&

## ഓപ്പറേഷൻ ഡി ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 169 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. 179 പേർ അറസ്റ്റിലായി. മയക്കുമരുന്ന് വിൽപ്പനയിൽ ഏർപ്പെടുന്നതായി സംശയിക്കുന്ന 2,306 പേരെ പരിശോധനയ്ക്ക് വിധേയമാക്കി.

&&&&&&&&&&&&&&&&

## ലഹരി മരുന്ന് പിടികൂടി

തിരുവനന്തപുരം ആറ്റിങ്ങൽ കെ എസ് ആർ ടി സി ബസ്റ്റാൻഡിന് സമീപത്തു നിന്നും 52 ഗ്രാം എം ഡി എം എയുമായി യുവതിയടക്കം മൂന്നു പേരെ പിടികൂടി. ചിറയിൻകീഴ് സ്വദേശി സുമേഷ്, കഠിനംകുളം സ്വദേശി ജിഫിൻ, പാലക്കാട്

RNU TVPM

സ്വദേശി അനു എന്നിവരാണ് പിടിയിലായത്. ബാംഗ്ലൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് എം ഡി എം യുമായി പോകുന്നതിനിടെയാണ് ഇവർ ആറ്റിങ്ങൽ പോലീസിന്റെ പിടിയിലായത്.

&&&&&&&&&&&&&&&&

## സമൂഹ നടത്തം- ചെന്നിത്തല

ലഹരിമരുന്നു ഉപഭോഗത്തിനെതിരെ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളെയും അണിനിരത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കോഴിക്കോട് ബീച്ചിൽ മുൻ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ സമൂഹനടത്തം സംഘടിപ്പിക്കും. പ്രൗഡ് കേരള മൂവ്മെന്റിന്റെ നേതൃത്വത്തിൽ ഈ മാസം 12 ന് രാവിലെ 6.30 ന് ഈ ബോധവൽക്കരണ പരിപാടി നടക്കും.

RNU TVPM

&&&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യത. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. ചക്രവാതച്ചുഴിയുടെ സ്വാധീനത്താലാണ് മഴ മുന്നറിയിപ്പ്. തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ കടലാക്രമണത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&

## ഐ പി എൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലാണ് മത്സരം.

**&&&&&&&&&&&&&&&&**

## പത്തനംതിട്ട- ഇൻട്രോ

മധ്യകേരളത്തിലും സവാളയുൾപ്പെടെയുള്ള പച്ചക്കറികൾ നൂറുമേനി വിളയുമെന്ന് തെളിയിച്ച് ഒരു കർഷൻ.കടമ്പനാട് സ്വദേശി സി.കെ മണിയെന്ന ജൈവകർഷകൻ എട്ടു വർഷത്തിനിടെ പാടത്തും ടെറസിലുമായി വിളവെടുത്തത് 2000 കിലോ സവാളയാണ്.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധറിന്റെ റിപ്പോർട്ടിലേക്ക്...**

**(വോയിസ്)**

**&&&&&&&&&&&&&&&&**

## ഐ ലീഗ് ഫുട്ബോൾ

ഐ ലീഗ് ഫുട്ബോളിൽ ഗോകുലത്തിന് തോൽവി. ഗ്രൂപ്പിലെ അവസാനമത്സരത്തിൽ ഡെംപോ ഗോവയോട് നാലിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഗോകുലം പരാജയപ്പെട്ടത്.

**&&&&&&&&&&&&&&&&**

## എം എം ഹസ്സൻ

RNU TVPM

മതസ്വാതന്ത്ര്യത്തിനെതിരായ ശക്തമായ ആക്രമണമാണ് വഖഫ് ബില്ലിലെ വ്യവസ്ഥകളെന്ന് യുഡിഎഫ് കൺവീനർ എംഎം ഹസൻ. ഇതിനെതിരായ നിയമപോരാട്ടം കോൺഗ്രസ് തുടരുമെന്നും അദ്ദേഹം പറഞ്ഞു. അതെസമയം, വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് ബി ജെ പി മുൻ സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ഈ മാസം 9 -ന് ന്യൂന പക്ഷ മന്ത്രി മുനമ്പം സന്ദർശിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&

## വെള്ളാപ്പള്ളി

മലപ്പുറത്തേക്കുറിച്ച് നടത്തിയ പരാമർശം വിശദീകരിച്ചും മുസ്ലിം ലീഗിനെതിരേ വിമർശനമുന്നയിച്ചും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. താനൊരു മുസ്ലിം വിരോധിയല്ലെന്നും തന്നെ അങ്ങനെയാക്കാനാണ് ലീഗിലെ ചില നേതാക്കന്മാരുടെ ശ്രമമെന്നും വെള്ളാപ്പള്ളി പറഞ്ഞു. ലീഗിലെ പ്രമുഖരായ നേതാക്കൻമാരുടെ ഉടമസ്ഥതയിലാണ് 11 എയ്ഡഡ് കോളേജുകളെന്നും അദ്ദേഹം ആരോപിച്ചു.

RNI TVPM

&&&&&&&&&&&&&&&&

## സംവരണം - രാജീവ് ചന്ദ്രശേഖർ

ഒബിസി സംവരണം മതാടിസ്ഥാനത്തിലുള്ളതാക്കാൻ ശ്രമിച്ചാൽ ബിജെപി എതിർക്കുമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഒബിസി റിസർവേഷൻ മതാടിസ്ഥാനത്തിലുള്ള

സംവരണമാക്കാൻ ചിലർ ശ്രമിക്കുന്നുവെന്ന വികാരം ഈഴവ വിഭാഗത്തിനുണ്ട്. അതിനെ എതിർക്കാൻ അവർക്ക് അവകാശമുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&
&&&&&&&&&&
&&&

RNU TVPM